ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.09.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ജമ്മു കശ്മീരിൽ നിയമസഭാ തിരഞ്ഞെടുപ്പിൻറെ മൂന്നാം ഘട്ട പ്രചാരണം ഊർജ്ജിതം. പ്രധാനമന്ത്രിയും മുതിർന്ന ബി ജെ പി നേതാവുമായ നരേന്ദ്ര മോദി നാളെ ജമ്മുവിലെത്തും.

   Campaigning in full swing for third and final phase of Assembly Elections in Jammu and Kashmir. Senior BJP leader and Prime Minister Narendra Modi will address a rally in Jammu tomorrow.

2. മികച്ച വിനോദസഞ്ചാര ഗ്രാമങ്ങൾക്കുള്ള ദേശീയ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. കേരളത്തിൽ നിന്ന് കുമരകത്തിനും കടലുണ്ടിക്കും അംഗീകാരം.

   Ministry of Tourism announces Winners of Best Tourism Villages Competition. Kumarakom and Kadalundi recognized from Kerala.

3. കേരളത്തിൽ എംപോക്സ് വീണ്ടും സ്ഥിരീകരിച്ച സാഹചര്യത്തിൽ രോഗലക്ഷണങ്ങൾ ഉള്ളവർ കൃത്യമായ ചികിത്സ തേടണമെന്ന് ആരോഗ്യമന്ത്രി; ഉന്നതതല യോഗത്തിൽ സ്ഥിതിഗതികൾ വിലയിരുത്തി.

   In Kerala, one more Mpox virus case has been confirmed, State Health Minister Veena George said those with symptoms should take treatment. A high-level meeting was convened to take stock of the situation.

4. കർണാടകയിലെ ഷിരൂരിൽ മരിച്ച കോഴിക്കോട് സ്വദേശി അർജുൻറെ മൃതദേഹം ബന്ധുക്കൾക്ക് കൈമാറി; മൃതദേഹം അർജുൻറെതെന്ന് സ്ഥിരീകരിച്ചത് ഡിഎൻഎ പരിശോധനയിൽ.

   The mortal remains of Arjun,native of Kozhikode, who was died in Shirur landslide, Karnataka,was handed over to his relatives; The DNA test confirmed that the recovered body parts belonged to Arjun.

5. ഇന്ത്യക്കെതിരെയുള്ള രണ്ടാം ടെസ്റ്റിൽ ആദ്യ ദിനം ബംഗ്ലാദേശ് മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 107 റൺസ് എന്ന നിലയിൽ.

   In Cricket, Bangladesh were 107 for three in their first innings against India on Day One of the second and final Test match.

**************************

## JK CAMPAIGNING

ജമ്മു കശ്മീരിൽ, നിയമസഭാ തിരഞ്ഞെടുപ്പിൻറെ മൂന്നാമത്തെയും അവസാനത്തെയും ഘട്ട പ്രചാരണം ഊർജ്ജിതം. വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൾ റാലികളും, റോഡ് ഷോകളുമായി പ്രചാരണത്തിൽ സജീവമാണ്. പ്രധാനമന്ത്രിയും ബിജെപിയുടെ മുതിർന്ന നേതാവുമായ നരേന്ദ്ര മോദി നാളെ ജമ്മുവിലെത്തും.

കേന്ദ്ര മന്ത്രിയും ബിജെപിയുടെ മുതിർന്ന നേതാവുമായ അമിത് ഷാ, ലോക്സഭ പ്രതിപക്ഷ നേതാവും കോൺഗ്രസ് നേതാവുമായ രാഹുൽ ഗാന്ധി, പിഡിപി അധ്യക്ഷ മെഹബൂബ മുഫ്തി തുടങ്ങിയവരും പ്രചാരണ രംഗത്തുണ്ട്. അടുത്തമാസം ഒന്നിനാണ് ജമ്മു കശ്മീരിൽ മൂന്നാം ഘട്ട വോട്ടെടുപ്പ്.

*************************

## REV. AMIT SHAH-RALLY-HARYANA

കേന്ദ്ര ആഭ്യന്തര മന്ത്രിയും ബി ജെ പി നേതാവുമായ അമിത് ഷാ ഇന്ന് ഹരിയാനയിലെ രേവാരിയിൽ നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികളിൽ പങ്കെടുത്തു. മുഖ്യമന്ത്രി നയബ് സിംഗ് സെയ്നി മത്സരിക്കുന്ന ലാഡ്വ മണ്ഡലത്തിലും ശ്രീ. അമിത് ഷാ പ്രചാരണ പരിപാടികളിൽ സംബന്ധിച്ചു. കോൺഗ്രസ്സ് നേതാക്കളായ ഭൂപീന്ദർ ഹൂഡ, കുമാരി സെൽജ തുടങ്ങിയവർ കുരുക്ഷേത്ര, സിർസർ എന്നിവിടങ്ങളിൽ പ്രചാരണം നടത്തി. ആം ആദ്മി പാർട്ടി, മറ്റ് പ്രാദേശിക പാർട്ടികൾ തുടങ്ങിയവരും പ്രചാരണം ശക്തമാക്കിയിട്ടുണ്ട്.

*************************

## MOHFW- NAFLD GUIDELINES

നോൺ - ആൽക്കഹോളിക് ഫാറ്റി ലിവർ രോഗം ആരോഗ്യപ്രവർത്തകർക്ക് തിരിച്ചറിയുന്നതിനായി പരിശീലന മാന്വവലും പ്രവർത്തന മാർഗനിർദ്ദേശങ്ങളും പരിഷ്കരിച്ച് കേന്ദ്ര സർക്കാർ. രോഗബാധിതരെ തിരിച്ചറിയുന്നതിന് ഈ മാർഗ്ഗനിർദ്ദേശങ്ങളും പരിശീലന മൊഡ്യൂളുകളും നിർണായകമാകുമെന്നും ഇത് ആരോഗ്യ പ്രവർത്തകർക്ക് ചട്ടക്കൂട് ഒരുക്കുമെന്നും കേന്ദ്ര ആരോഗ്യ സെക്രട്ടറി അപൂർവ ചന്ദ്ര പറഞ്ഞു.

*************************

## WORLD TOURISM DAY

വിനോദസഞ്ചാരമേഖലയുടെ വളർച്ച രാജ്യത്തിന്റെ സാമ്പത്തിക രംഗത്തിന് ഏറെ പ്രയോജനം ചെയ്യുമെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ. അന്താരാഷ്ട്ര വിനോദ സഞ്ചാര ദിനാചരണത്തോട് അനുബന്ധിച്ച് ന്യൂഡൽഹിയിൽ സംഘടിപ്പിച്ച പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിനോദസഞ്ചാരവും സമാധാനവും എന്നതാണ് ഈ വർഷത്തെ അന്താരാഷ്ട്ര വിനോദ സഞ്ചാര ദിനത്തിൻറെ പ്രമേയം.

***************************

## TOURISM AWARDS (INTRO)& NEW SCHEME(INTRO)

മികച്ച വിനോദസഞ്ചാര ഗ്രാമങ്ങൾക്കുള്ള ദേശീയ പുരസ്കാരങ്ങൾ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചു. കേരളത്തിൽ നിന്ന് കുമരകവും, കടലുണ്ടിയും പുരസ്കാരത്തിനായ് തിരഞ്ഞെടുക്കപ്പെട്ടു. ഉത്തരവാദിത്ത വിനോദസഞ്ചാരം വികസിപ്പിക്കുന്നതിനുള്ള പദ്ധതിയും കേന്ദ്രസർക്കാർ പ്രഖ്യാപിച്ചു. വിശദാംശങ്ങളിലേക്ക്..

(വോയിസ്)

*എട്ട് വിഭാഗങ്ങളിലായി മുപ്പത്തിയാറ് ഗ്രാമങ്ങളെയാണ് മികച്ച ടൂറിസം ഗ്രാമങ്ങൾക്കുള്ള പുരസ്കാരത്തിന് കേന്ദ്ര സർക്കാർ തിരഞ്ഞെടുത്തത്. രാജ്യത്തെ ഗ്രാമീണ വിനോദസഞ്ചാര വികസനം ലക്ഷ്യമിട്ട് കഴിഞ്ഞ വർഷമാണ് പുരസ്കാരം ഏർപ്പെടുത്തിയത്. കാർഷിക വിനോദ സഞ്ചാരം വിഭാഗത്തിൽ കോട്ടയം ജില്ലയിലെ കുമാരകവും ഉത്തരവാദിത്ത വിനോദ സഞ്ചാര വിഭാഗത്തിൽ കോഴിക്കോട് ജില്ലയിലെ കടലുണ്ടിയും ദേശീയ പുരസ്കാരത്തിന് അർഹമായി. 991 അപേക്ഷകളിൽ നിന്നാണ് 36 ഗ്രാമങ്ങളെ തിരഞ്ഞെടുത്തതെന്ന് വിനോദസഞ്ചാര മന്ത്രാലയം അറിയിച്ചു. അതിനിടെ, ഉത്തരവാദിത്വ വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ "പര്യടൻ*

*മിത്ര & പര്യടൻ ദിദി" എന്ന പേരിൽ കേന്ദ്രസർക്കാർ പദ്ധതി പുറത്തിറക്കി. ആറ് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് വിപുലീകരിക്കുന്നത്. പദ്ധതിക്ക് കീഴിൽ ടൂറിസം മേഖലയിലെ വിവിധ വിഭാഗങ്ങൾക്ക് പരിശീലനം ഉൾപ്പെടെ നൽകും. സംസ്ഥാനങ്ങളിലേയും കേന്ദ്ര ഭരണപ്രദേശങ്ങളിലേയും അൻപത് കേന്ദ്രങ്ങളിലേക്കാണ് പദ്ധതി വ്യാപിപ്പിക്കുന്നത്. കേരളത്തിൽ നിന്ന് തിരുവനന്തപുരം, കൊച്ചി, ലക്ഷദ്വീപിലെ കവരത്തി എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

ന്യൂസ് ഡെസ്ക് ആകാശവാണി.

ഉത്തരവാദിത്ത ടൂറിസം മിഷൻ പദ്ധതി നടപ്പിലാക്കിയ കുമരകവും കടലുണ്ടിയും രാജ്യത്തെ മികച്ച ടൂറിസം വില്ലേജായി തിരഞ്ഞെടുക്കപ്പെട്ടതിൽ മന്ത്രി പി എ മുഹമ്മദ് റിയാസ് അഭിനന്ദിച്ചു.

*************************

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ രാജ്യത്തെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 29-ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 114 -ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും ശൃഖലകളിലും പരിപാടി തത്സമയം കേൾക്കാം. തുടർന്ന് പ്രാദേശിക പരിഭാഷയും ഉണ്ടായിരിക്കുന്നതാണ്.

*************************

## LOK SABHA SPEAKER

ജനാധിപത്യത്തെ ശക്തിപ്പെടുത്താൻ നിയമനിർമ്മാണ സഭകളുടെ പവിത്രതയും സുതാര്യതയും സുപ്രധാനമാണെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള. കോമൺവെൽത്ത് പാർലമെൻററി അസോസിയേഷൻറെ, ഇന്ത്യ റീജിയൻ സോൺ-3 യുടെ ദ്വിദിന വാർഷിക സമ്മേളനം മിസോറാമിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മിസോറാം നിയമസഭ ലൈബ്രറിയിലെ പുതിയ ആർക്കൈവ് സെൽ ശ്രീ. ഓം ബിർള ഉദ്ഘാടനം ചെയ്തു.

**************************

## INDIA UZBEKISTAN -NIRMALA

ഉഭയകക്ഷി നിക്ഷേപ ഉടമ്പടിയിൽ ഒപ്പുവച്ച് ഇന്ത്യയും ഉസ്ബെക്കിസ്ഥാനും. കേന്ദ്ര ധനമന്ത്രി നിർമല സീതാരാമനും ഉസ്ബെക്കിസ്ഥാൻ ഉപപ്രധാനമന്ത്രി ഖോദ്ജയേവ് ജംഷിദുമാണ് താഷ്കണ്ഡിൽ കരാറിൽ ഒപ്പുവെച്ചത് . ഇരു രാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക സഹകരണം വർധിപ്പിക്കുന്നതിനും സുസ്ഥിരമായ നിക്ഷേപാന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉടമ്പടി സഹായകരമാകുമെന്ന് ധനമന്ത്രാലയം അറിയിച്ചു.

**************************

## AYUSH MINISTER

ആയുഷ് ചികിത്സ സമ്പ്രദായങ്ങൾക്ക് ആഗോള സ്വീകാര്യത ലഭിക്കാൻ സഹായിക്കുന്ന ധാരണ പത്രം ലോകാരോഗ്യ സംഘടനയുമായി ഒപ്പു വെച്ചതുൾപ്പെടെ നിരവധി നേട്ടങ്ങൾ കേന്ദ്ര സർക്കാർ കഴിഞ്ഞ നൂറ് ദിവസങ്ങളിൽ കൈവരിച്ചതായി കേന്ദ്രമന്ത്രി പ്രതാപ്റാവു ജാദവ്. വിയറ്റ്നാം, മലേഷ്യ തുടങ്ങിയ രാജ്യങ്ങളുമായും വിവിധ ധാരണാപത്രങ്ങളിൽ മന്ത്രാലയം എത്തിച്ചേർന്നു. ആയുഷ്മാൻ ഭാരത് പദ്ധതിയിൽ ആയുഷ് സേവനങ്ങൾ ഉൾപ്പെടുത്തുന്നത് ലക്ഷ്യമിട്ട് അവലോകനയോഗം

മന്ത്രാലയം വിളിച്ചുചേർത്തതായും കേന്ദ്ര മന്ത്രി ന്യൂ ഡൽഹിയിൽ പറഞ്ഞു.

*************************

## Niti -Ayog

കേരളത്തിന്റെ ആരോഗ്യ രംഗത്തെ അഭിനന്ദിച്ച് നിതി ആയോഗ് അംഗം ഡോ. വിനോദ് കെ. പോൾ. ആരോഗ്യ മന്ത്രി വീണാ ജോർജുമായി സെക്രട്ടറിയേറ്റിൽ കൂടിക്കാഴ്ച നടത്തുകയായിരുന്നു അദ്ദേഹം. കുട്ടികളുടെ ആരോഗ്യത്തിൽ കേരളം മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്നും മാതൃമരണ നിരക്കും ശിശുമരണ നിരക്കും കുറയ്ക്കാൻ കഴിഞ്ഞത് നേട്ടമാണെന്നും അദ്ദേഹം പറഞ്ഞു.

*************************

## MPOX- VEENA GEORGE

കേരളത്തിൽ വീണ്ടും എംപോക്സ് സ്ഥിരീകരിച്ച സാഹചര്യത്തിൽ ആരോഗ്യമന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു. രോഗിയുമായി സമ്പർക്കത്തിൽ വന്നവരുടെ സമ്പർക്ക പട്ടിക തയ്യാറാക്കി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കിയെന്ന് അവർ വ്യക്തമാക്കി. കൂടുതൽ കേസുകളുടെ സാധ്യത മുന്നിൽ കണ്ട് എല്ലാ ജില്ലകളിലും കൂടുതൽ ഐസൊലേഷൻ സൗകര്യങ്ങളൊരുക്കാൻ നിർദേശം നൽകിയിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽ നിന്ന് വരുന്നവർക്ക് രോഗലക്ഷണങ്ങൾ ഉണ്ടായാൽ ചികിത്സ തേടുകയും, ആരോഗ്യ വകുപ്പിനെ വിവരം അറിയിക്കുകയും വേണമെന്നും ആരോഗ്യമന്ത്രി പറഞ്ഞു.

*************************

## Shiroor Arjun

കർണാടകയിലെ ഷിരൂരിൽ ഗംഗാവലിപ്പുഴയിൽ നിന്ന് കണ്ടെടുത്ത കോഴിക്കോട് സ്വദേശി അർജുൻറെ മൃതദേഹം ബന്ധുക്കൾക്ക് കൈമാറി. ഡി.എൻ.എ.പരിശോധനയിലാണ് മൃതദേഹം അർജുൻ ്റെതാണെന്ന് സ്ഥിരീകരിച്ചത്. കർണ്ണാടക സർക്കാർ കുടുംബത്തിന് ആശ്വാസ ധനമായി 5 ലക്ഷം രൂപ കൈമാറും. കർണ്ണാടക പോലീസ് സംഘത്തോടൊപ്പം കാർവാർ എം.എൽ.എ. സതീഷ് സെയിൽ അനുഗമിക്കുന്നുണ്ട്.

**************************

## VIZHINJAM –INTERNATIONAL PORT

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് ഐക്യരാഷ്ട്ര സഭക്ക് കീഴിലുള്ള ഇൻ്റർനാഷണൽ മാരിടൈം ഓർഗനൈസേഷൻ നിർദ്ദേശിക്കുന്ന ISPS കോഡ് അംഗീകാരം ലഭിച്ചു.

കേന്ദ്ര സർക്കാറിന്റെ മിനിസ്ട്രി ഓഫ് ഷിപ്പിംഗ് ആൻഡ് പോർട്ടിന്റെ കീഴിലുള്ള മറൈൻ മർച്ചന്റ് ഡിപ്പാർട്ട്മെൻറ് ആണ് ISPS അംഗീകാരം നൽകുന്നത്.

**************************

## BIOCONNECT – KERALA CM

ആരോഗ്യ സംരക്ഷണം, വ്യവസായം, ഗവേഷണം എന്നിവയെ സമന്വയിപ്പിച്ച് കേരളത്തിന്റെ മറ്റു മേഖലകളിലും ലൈഫ് സയൻസസ് പാർക്കുകൾ സ്ഥാപിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേരളത്തിലെ പ്രധാന ലൈഫ് സയൻസ് കോൺക്ലേവായ ബയോ കണക്റ്റിന്റെ രണ്ടാമത് പതിപ്പ് തിരുവനന്തപുരത്ത് ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിജ്ഞാനാധിഷ്ഠിത സമൂഹത്തെ

ശക്തിപ്പെടുത്തുന്നതിൽ ലൈഫ് സയൻസസ് പാർക്കുകൾക്ക് വളരെയധികം പ്രാധാന്യമുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

*************************

## Mata Amritanandamayi Message (INTRO)

സ്വച്ഛതാ ഹി സേവാ അഭിയാനുമായി ബന്ധപ്പെട്ട രാജ്യത്തുടനീളം വിവിധ പരിപാടികൾ പുരോഗമിക്കുകയാണ്. ഇതിന്റെ ഭാഗമായി ഏക് പേട് മാ കെ നാം വൃക്ഷതൈ നടീൽ പ്രചാരണവും സജീവമാണ്. കേന്ദ്രസർക്കാരിന്റെ സ്വച്ഛതാ അഭിയാനുമായി ബന്ധപ്പെട്ട് മാതാ അമൃതാനന്ദ മയിയുടെ വാക്കുകളിലേക്ക്...
( വോയിസ് )

*************************

## CRICKET

ഇന്ത്യ- ബംഗ്ലാദേശ് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ, ആദ്യ ദിനം കളിയവസാനിക്കുമ്പോൾ ബംഗ്ലാദേശ് മൂന്ന് വിക്കറ്റ് നഷ്ടത്തിൽ നൂറ്റിയേഴ് റൺസ് എന്ന നിലയിൽ. കാൺപൂരിൽ നടക്കുന്ന മത്സരത്തിൽ, ടോസ് നേടിയ ഇന്ത്യ ഫീൽഡിങ് തിരഞ്ഞെടുക്കുകയായിരുന്നു. രണ്ട് മത്സരങ്ങളുള്ള പരമ്പരയിലെ ആദ്യ മത്സരം 280 റൺസിന് ഇന്ത്യ വിജയിച്ചിരുന്നു.

*************************

## DIVYA KALA MELA

20 -ാമത് ദിവ്യ കലാ മേളയ്ക്ക് നാളെ പുനെയിൽ തുടക്കമാകും. കേന്ദ്ര സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ. വിരേന്ദ്ര കുമാർ മേള ഉദ്ഘാടനം ചെയ്യും. രാജ്യമെമ്പാടുമുള്ള ദിവ്യാംഗരായ കരകൗശല വിദഗ്ധർ, സംരംഭകർ തുടങ്ങിയവരുടെ കലാ വാസന പരിപോഷിപ്പിക്കുന്നതിനുള്ള വേദിയാണ് ദിവ്യ കലാ മേള. 20

സംസ്ഥാനങ്ങളിലേയും കേന്ദ്ര ഭരണ പ്രദേശങ്ങളിലേയും 100 ഓളം കലാകാരൻമാർ പരിപാടിയിൽ പങ്കെടുക്കും.

************************

## NEHRU TROPHY

70-ാമത് നെഹ്റു ട്രോഫി വള്ളംകളി നാളെ ആലപ്പുഴ പുന്നമടക്കായലിൽ നടക്കും. രാവിലെ 11-ന് മത്സരങ്ങൾ ആരംഭിക്കും. ഉച്ചകഴിഞ്ഞ് രണ്ടിനാണ് ഉദ്ഘാടന ചടങ്ങ്. ഒൻപത് വിഭാഗങ്ങളിലായി 74 വള്ളങ്ങളാണ് ഇത്തവണ മാറ്റുരയ്ക്കുന്നത്.

************************

## Hindi Pakshacharanam

കേരളാ ഹിന്ദിപ്രചാരസഭയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഹിന്ദി പക്ഷാചരണത്തിന് നാളെ സമാപനം. മുൻ ചീഫ് സെക്രട്ടറി വി.പി. ജോയ് തിരുവനന്തപുരത്ത് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും.

************************

## Tourism Rating

വിനോദസഞ്ചാര വികസനത്തിലും വളർച്ചയിലും പൗരന്മാരെ പങ്കാളികളാക്കാനുള്ള ഉദ്യമത്തിൻറെ ഭാഗമായി ടൂറിസം മന്ത്രാലയം രാജ്യത്തുടനീളമുള്ള വിമാനത്താവളങ്ങളിലും റെയിൽവേ സ്റ്റേഷനുകളിലും സന്ദർശകരുടെ അഭിപ്രായം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ആരംഭിക്കും.

************************

**************

****